# കേരള സർക്കാർ
## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5495

2016 നവംബർ 2-ലെ മറുപടിക്ക്

**ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അധികാരങ്ങൾ**
**അന്തിമ മറുപടി**

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ഡോ. എൻ. ജയരാജ് | ഉത്തരം<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന് ഏതെല്ലാം ഓഫീസുകളിൽ പരിശോധന നടത്തുന്നതിനാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കാമോ; | ധനകാര്യ വകുപ്പ് പരിശോധനാ വിഭാഗത്തിന് സർക്കാർ ഓഫീസുകൾ, സർക്കാരിന് കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ, ബോർഡുകൾ, സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്താവുന്നതാണ്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടി വകുപ്പ് പ്രതിവർഷം എത്ര ഓഫീസുകൾ പരിശോധനയ്ക്ക് വിധേയമാക്കിയെന്നും, എത്രയിടങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ; | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ 9 സെക്ഷനുകളും, 14 ജില്ലാ സ്ക്വാഡുകളും ചേർന്ന് ആകെ **4452** ഓഫീസുകളിൽ പരിശോധന നടത്തുകയുണ്ടായി. അതിൽ **947** എണ്ണത്തിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു. |

| വർഷം | പരിശോധനകളുടെ എണ്ണം | സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയവ |
|---|---|---|
| 2011 | 658 | 135 |
| 2012 | 851 | 189 |
| 2013 | 827 | 175 |
| 2014 | 896 | 188 |
| 2015 | 826 | 168 |
| 2016 | 394 | 92 |
| ആകെ | **4452** | **947** |

| | |
|---|---|
| (സി) പരിശോധനാ വേളയിൽ പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സീക്രട്ട് ഫണ്ട് ഉൾപ്പെടെയുള്ള വിഷയങ്ങൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ സീക്രട്ട് ഫണ്ട് സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടില്ല |
| (ഡി) പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്ന് നേരിട്ടും അല്ലാതെയും ഏതൊക്കെ രീതിയിലാണ് പണം ലഭ്യമാകുന്നതെന്ന് ധനകാര്യ വകുപ്പിന് അറിവുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പൊതുജനങ്ങളിൽ നിന്നും പണം വിവിധ ആവശ്യങ്ങൾക്ക് (വാഹനങ്ങളുടെ ലേല തുക, വിവിധ കേസുകളിൽ ഈടാക്കുന്ന പിഴ തുക, വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന തുക, മൈക്ക് പെർമിഷൻ, പ്രൈവറ്റ് പോലീസ് പ്രൊട്ടക്ഷൻ തുടങ്ങിയവ) TR-5 വഴിയും ചെലാൻ വഴിയും ലഭ്യമാകാറുണ്ട് |
| (ഇ) പോലീസ് വകുപ്പിന് കീഴിലുള്ള ഇത്തരം ഓഫീസുകളിൽ ലഭിക്കുന്ന പിഴ, പെറ്റി, എന്നിവ ഉൾപ്പെടെയുള്ള എല്ലാ റവന്യൂവും കൃത്യമായി ഖജനാവിലേക്ക് അടയ്ക്കുന്നുണ്ടോയെന്നും, അതിന് കൃത്യമായ അക്കൗണ്ടുകളും, രേഖകളും സൂക്ഷിക്കുന്നുണ്ടോയെന്നും കണ്ടെത്തുവാൻ ധനകാര്യ പരിശോധനാ വിഭാഗം കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന പിഴ, പെറ്റി, എന്നിവ ഉൾപ്പെടെയുള്ള എല്ലാ റവന്യൂവും കൃത്യമായി ഖജനാവിലേക്ക് അടയ്ക്കുന്നുണ്ടോയെന്നും, അതിന് കൃത്യമായ അക്കൗണ്ടുകളും, രേഖകളും സൂക്ഷിക്കുന്നുണ്ടോയെന്നും കണ്ടെത്തുവാൻ പോലീസ് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ പരിശോധന വ്യാപിപ്പിക്കുന്നതിനുവേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**